നെല്ലുകളെല്ലാം വെള്ളത്തിനടിയിലാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിനാവശ്യമായ പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വയനാട് ജില്ലയിൽ ഡിസംബർ 8 മുതൽ 16 വരെ തുടർച്ചയായുണ്ടായ കനത്ത മഴ മൂലം, വിളഞ്ഞ നെല്ല് കൊയ്തെടുക്കാനും കൊയ്തിട്ട നെല്ല് പാടങ്ങളിൽ നിന്ന് കളത്തിലേക്ക് കൊണ്ടുവരുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. പാടത്ത് വെള്ളം കെട്ടി നിന്നതിനാൽ കൊയ്തിട്ടതും വിളഞ്ഞതുമായ നെല്ലിൽ മുള വന്ന് നശിച്ചിട്ടുണ്ട്. ഉയരം കൂടിയ നെല്ലിനങ്ങൾ കൃഷി ചെയ്തിട്ടുള്ള പാടങ്ങളിൽ ചാഞ്ഞുവീഴ്ച മൂലം നെൽകൃഷി നശിക്കുകയും യന്ത്രങ്ങളുപയോഗിച്ചു വിളവെടുത്ത പാടങ്ങളിൽ വൈക്കോൽ ചീഞ്ഞുനശിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക കണക്കനുസരിച്ച് ജില്ലയിൽ 574 ഹെക്ടർ സ്ഥലത്ത് 5,74,10,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും റിപ്പോർട്ട് ലഭിച്ചാലുടൻ അതിനുവേണ്ട നഷ്ടപരിഹാരം നൽകുന്നതാണെന്ന തീരുമാനവുമെടുത്തിട്ടുണ്ട്. അതോടൊപ്പം വയനാട് ജില്ലയിലെ നെൽകൃഷി പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ജില്ലയ്ക്കു മാത്രമായി പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിന് എന്ന പദ്ധതിയിൽപ്പെടുത്തി ജീരകശാല, ഗന്ധകശാല കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10000 രൂപ സബ്സിഡി നൽകി 1350 ഹെക്ടറിലേയ്ക്ക് 135 ലക്ഷം രൂപയുടെ പദ്ധതിക്ക് കൂടി രൂപം കൊടുത്തിട്ടുണ്ട്.

(17) എൻഡോസൾഫാൻ നീക്കം ചെയ്യൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ പറഞ്ഞ സമയത്തിനുള്ളിൽ നീക്കം ചെയ്യാത്തതുമൂലമുള്ള പ്രതിസന്ധി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എൻഡോസൾഫാൻ നിരോധനത്തെത്തുടർന്ന് ബാക്കിവന്ന എൻഡോസൾഫാൻ നീക്കം ചെയ്യണമെന്ന് ഒരുപാട് കാലമായി ആവശ്യപ്പെടുന്നുണ്ട്. അവിടെവച്ച് നിർവീര്യമാക്കുന്നതിന് പ്രദേശത്തുള്ള ജനങ്ങളുടെ എതിർപ്പുണ്ടായതുകൊണ്ട് നിർവീര്യമാക്കാതെ അതിന്റെ ടാങ്ക് മാറ്റാൻ ഞങ്ങളൊക്കെ പറഞ്ഞ് സമ്മതിപ്പിച്ചു. അന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞത് പ്രകാരം പ്രത്യേകമായി നിയോഗിച്ചിട്ടുള്ള ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ വന്ന്, ഐക്യരാഷ്ട്ര സഭ നിർദ്ദേശിച്ചിട്ടുള്ള ജാറിലേക്ക് നിലവിലുള്ള ജാറിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ഞങ്ങളുടെയൊക്കെ സാന്നിദ്ധ്യത്തിൽ നീക്കം ചെയ്യുകയും ചെയ്തു. ഒക്ടോബർ 12-നാണ് ഈ പ്രക്രിയ ചെയ്തത്. ഡിസംബർ 12-നകം എത്രവന്നാലും എൻഡോസൾഫാൻ മണ്ണാർക്കാട്ടിൽ നിന്ന് കൊണ്ടുപോകുമെന്ന് ഉറപ്പ് നൽകിയിരുന്നു. പക്ഷേ, ഡിസംബർ 12 കഴിഞ്ഞിട്ടും എൻഡോസൾഫാൻ അവിടെ നിന്ന് കൊണ്ടുപോയില്ല. ഇതുസംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നു. മന്ത്രിയും അവിടെ വന്ന് വാക്ക് നൽകിയതാണ്. ഇതുവരെയും എൻഡോസൾഫാൻ കൊണ്ടുപോയിട്ടില്ല. കാസർഗോഡും ഇതേ സ്ഥിതിയാണുള്ളത്. അവിടെയും ജാറ് മാറ്റിയിരിക്കുകയാണ്. ജാറ് മാറ്റിയ എൻഡോസൾഫാൻ അവിടെ നിന്ന് കൊണ്ടു പോയിട്ടില്ല. അന്ന് പറഞ്ഞത് ഗുജറാത്തിലോ തമിഴ്നാട്ടിലോ എൻഡോസൾഫാൻ നിർമ്മാണ കമ്പനികളിൽ കൊണ്ടുപോയി ഇത് നിർവീര്യമാക്കുമെന്നാണ്. ഇപ്പോൾ ഇത് വലിയൊരു പ്രശ്നമായിരിക്കുകയാണ്. കളക്ടറും എം.എൽ.എ.-യും ജനങ്ങളുടെ മുമ്പിൽ കൊടുത്ത വാക്ക് പാലിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇനിയും അനന്തമായി എൻഡോസൾഫാൻ അവിടെ ഇരിക്കാൻ പാടില്ല. ജനങ്ങളെ ഞങ്ങൾ പറഞ്ഞ് വിശ്വസിപ്പിച്ചാണ് ഈ പ്രക്രിയയുടെ പകുതി പൂർത്തീകരിക്കാൻ അനുവദിച്ചത്. അതുകൊണ്ട് എത്രയും പെട്ടെന്ന് എൻഡോസൾഫാൻ ശേഖരം നീക്കം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സുരക്ഷിതമായ ടാങ്കിലേക്ക് ബാക്കി വന്ന എൻഡോസൾഫാൻ മാറ്റുമെന്നുള്ളത് രണ്ട് വർഷം മുമ്പ് കേന്ദ്ര ദുരന്ത സേനയും എച്ച്.ഐ.എൽ.-ലെ ഉദ്യോഗസ്ഥരും കാസർഗോഡ് വന്ന് എടുത്ത തീരുമാനമായിരുന്നു. അത്: അഞ്ചുവർഷം ഗ്യാരന്റിയുള്ള ജാറിലേക്ക് മാറ്റുകയും ചെയ്തു. അതേ നടപടി തന്നെയാണ് മണ്ണാർക്കാട്ടുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റിലും ചെയ്തത്. ഒക്ടോബർ 12-നാണ് നടപടികൾ പൂർത്തീകരിച്ചുകൊണ്ട് ജാറിലേക്ക് മാറ്റിയത്. ജാറിലേക്ക് മാറ്റിയതിനുശേഷം ഡിസംബർ 12-നകം ഇവിടെ നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാമെന്ന് പറഞ്ഞെങ്കിലും സാധിച്ചില്ല. അഞ്ച് വർഷത്തെ ഗ്യാരന്റിയുണ്ടെങ്കിലും ജനങ്ങളുടെ ആശങ്ക പരിഗണിച്ച് വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് 2015 ഫെബ്രുവരി 5-ന് മുമ്പേ എൻഡോസൾഫാൻ നിർവീര്യമാക്കാനുള്ള പദ്ധതിയിട്ടിട്ടുണ്ട്. അതിന് നൂറ് ശതമാനം ഗ്യാരന്റി കേന്ദ്ര എച്ച്.ഐ.എൽ. ഉറപ്പ് നൽകിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി.പി. മുഹമ്മദ്)

മി. ചെയർമാൻ: അംഗങ്ങളുടെ ശ്രദ്ധയ്ക്ക് 12.30-ന് ധനവിനിയോഗ ബിൽ ചർച്ചയ്ക്കെടുക്കണം. ഹൈസ്പീഡിൽ പോയാൽ മാത്രമേ തീരുകയുള്ളൂ. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.